Malappuram District Police

# 22.08.2017 വണ്ടൂർ

ആഡംബര കാറുകൾ വാടകക്കെടുത്ത് പണയത്തിന് നൽകി ലക്ഷങ്ങള്‍ തട്ടിയ സംഘത്തിലെ രണ്ടുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. നിലമ്പൂർ അയ്യാർപൊയിൽ അച്ചിൽപുറത്ത് അനീസ് (30), ചോലക്കൽ സാലിഹ് (39) എന്നിവരെയാണ് വണ്ടൂർ സിഐ എ ജെ ജോൺസൺ, എസ്ഐ പി ചന്ദ്രൻ എന്നിവരടങ്ങിയ സംഘം അറസ്റ്റ് ചെയ്തത്. ഇവർ പലയാളുകൾക്കായി പണയത്തിന് നൽകിയ വിവിധ മോഡലുകളിലുള്ള 24 കാറുകൾ കണ്ടെടുത്തു. വണ്ടൂർ സ്വദേശിയുടെ പരാതിയിലായിരുന്നു അന്വേഷണം. വാടകക്ക് വാഹനങ്ങൾ നൽകുന്നവരെ കണ്ടെത്തി ഉയർന്ന നിരക്കിൽ വാടക നൽകി വാഹനങ്ങൾ കൈക്കലാക്കി മറ്റൊരാൾക്ക് പണയത്തിനു നൽകുന്ന രീതിയാണ് ഇവർ സ്വീകരിച്ചിരുന്നത്. വാഹനം വാടകക്കെടുക്കുന്നത് അനീസും പണയത്തിന് ഇടപാടുകാരെ കണ്ടെത്തുന്നത് സാലിഹുമാണെന്ന് അറിവായിട്ടുണ്ട്. ഒരു ലക്ഷം രൂപ മുതൽ നാല് ലക്ഷം രൂപ വരെ പണയ തുകയായി വാങ്ങും. പണം തിരികെ നൽകുന്ന സമയത്ത് വാഹനം തിരിച്ചേൽപ്പിച്ചാൽ മതിയെന്നും അതുവരെ വാഹനം ഉപയോഗിക്കാമെന്നുമുള്ള ധാരണയിലാണ് ഇടപാട്. ജില്ലക്കകത്തും പുറത്തും പ്രതികൾ തട്ടിപ്പു നടത്തിയതായാണ് വിവരം. പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.